**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 851** **06-12-2022 - ൽ മറുപടിയ്ക്ക്**

**മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക മാപ്പിള കലാ അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സാംസ്കാരിക വകുപ്പിന് കീഴിലുള്ള കൊണ്ടോട്ടി മഹാകവി മോയിൻ കുട്ടി വൈദ്യർ സ്മാരക മാപ്പിള കലാ അക്കാദമിക്ക് ബജറ്റിൽ പ്രഖ്യാപിച്ച 25 ലക്ഷം രൂപക്ക് പുറമെ 25 ലക്ഷം രൂപ കൂടി അധികം നൽകുമെന്ന് ബജറ്റ് ചർച്ചകൾക്ക് ബഹു. വകുപ്പ് മന്ത്രി മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ച തുക അക്കാദമിക്ക് നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (എ) | ബജറ്റ് ചർച്ചകൾക്കുള്ള മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച 25 ലക്ഷം രൂപ അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത അക്കാദമിയിലെ ജീവനക്കാരുടെ ശമ്പളം / വേതനം ഇനത്തിൽ കുടിശ്ശിക നിലവിലുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ ശമ്പള ഇനത്തിൽ 9.80 ലക്ഷം രൂപ കുടിശ്ശികയും സാംസ്കാരിക പരിപാടികൾ നടത്തിയ വകയിലും, വൈദ്യുതി, വെള്ളം ടെലഫോൺ വാടക ഇനത്തിലുമായി 7 ലക്ഷം രൂപ കടവുമുണ്ടെന്ന് 31.11.2022 തീയതിയിലെ എം.കെ.എം.730/2022/ സാം.കാ.വ കത്ത് പ്രകാരം മാപ്പിള കലാ അക്കാദമി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധമായ രേഖകൾ സർക്കാർ വിശദമായി പരിശോധിച്ചിട്ടില്ല. |
| (സി) | സർക്കാർ നിർദ്ദേശിച്ചതടക്കമുള്ള വിവിധ സാംസ്കാരിക പരിപാടികൾ നടത്തിയ വകയിൽ അക്കാദമിക്ക് നിലവിൽ എത്ര രൂപ കടം ഉണ്ട് എന്ന് വ്യക്തമാക്കുമോ; | (സി) | നിലവിൽ ശമ്പള ഇനത്തിൽ 9.80 ലക്ഷം രൂപ കുടിശ്ശികയും സാംസ്കാരിക പരിപാടികൾ നടത്തിയ വകയിലും, വൈദ്യുതി, വെള്ളം ടെലഫോൺ വാടക ഇനത്തിലുമായി 7 ലക്ഷം രൂപ കടവുമുണ്ടെന്ന് 31.11.2022 തീയതിയിലെ എം.കെ.എം.730/2022/ സാം.കാ.വ കത്ത് പ്രകാരം മാപ്പിള കലാ അക്കാദമി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധമായ രേഖകൾ സർക്കാർ വിശദമായി പരിശോധിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത സാംസ്കാരിക നിലയത്തെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | ബജറ്റ് ചർച്ചകൾക്കുള്ള മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച 25 ലക്ഷം രൂപ കൂടി മാപ്പിള കലാ അക്കാദമിക്ക് അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ